**മധുരമായ കുട്ടികളേ, നിരാകാരനായ ബാബ നിങ്ങൾക്ക് ശ്രീമതം നല്കി ആസ്തികരാക്കി മാറ്റുന്നു, ആസ്തികരാകുന്നതിലൂടെത്തന്നെയാണ് നിങ്ങൾക്ക് ബാബയുടെ സമ്പത്ത് നേടുവാൻ സാധിക്കുന്നത്.**

**ചോദ്യം:** പരിധിയില്ലാത്ത രാജപദവി നേടുന്നതിനായി ഏത് രണ്ട് കാര്യങ്ങളിൽ പരിപൂർണ്ണമായും ശ്രദ്ധിക്കേണ്ടതുണ്ട്?

**ഉത്തരം** : 1) പഠനം 2) സേവനം. സേവനം ചെയ്യുവാനായി ലക്ഷണവും വളരെ നല്ലതായിരിക്കണം. ഇത് വളരെ അതിശയകരമായ പഠനമാണ്, ഇതിലൂടെ നിങ്ങൾ രാജ്യപദവി നേടുന്നു. ദ്വാപരയുഗം മുതൽ ധനം ദാനം ചെയ്യുന്നതിലൂടെയാണ് രാജ്യപദവി ലഭിക്കുന്നത്. എന്നാൽ ഇപ്പോൾ നിങ്ങൾ ഈ പഠനത്തിലൂടെ രാജകുമാരനും രാജകുമാരിയുമായി മാറുന്നു.

**ഗീതം** : നമ്മുടെ തീർത്ഥാടനകേന്ദ്രം വേറിട്ടതാണ് . . . . . . . . . . . . .

**ഓം ശാന്തി.** മധുര മധുരമായ ആത്മീയ കുട്ടികൾ പാട്ടിന്റെ വരികൾ കേട്ടു. നിങ്ങളുടെ തീർത്ഥയാത്രയാണ്- വീട്ടിൽ മൗനമായിരുന്ന് മുക്തിധാമത്തിലേയ്ക്ക് പോകുക. ലോകത്തിലുള്ള തീർത്ഥാടനങ്ങൾ സാധാരണമാണ്, എന്നാൽ നിങ്ങളുടേത് വേറിട്ടതാണ്. മനുഷ്യരുടെ ബുദ്ധി സാധു- സന്യാസിമാരുടെ ഭാഗത്തേയ്ക്ക് ഒരുപാട് അലഞ്ഞുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് ബാബയെ മാത്രം ഓർമ്മിക്കണം എന്ന നിർദ്ദേശമാണ് ലഭിക്കുന്നത്. അത് നിരാകാരനായ അച്ഛനാണ്. നിരാകാരനെ മാനിക്കുന്നവർ നിരാകാരീ മതത്തിലുള്ളവ രാണ് എന്നല്ല. ലോകത്തിൽ അനേക പ്രകാരത്തിലുള്ള മതമതാന്തരങ്ങളുണ്ട്. നിരാകാരീ മതം നിരാകാരനായ ബാബയാണ് നല്കുന്നത്, ഇതിലൂടെ മനുഷ്യർ ഏററവും ഉയർന്ന പദവിയായ മുക്തിയും ജീവന്മുക്തിയും നേടുന്നു. ഈ കാര്യങ്ങളൊന്നും അറിയുന്നില്ല. നിരാകാരനെ മാനിക്കുന്നവരാണ് എന്ന് മാത്രം പറയുന്നു. അനേകാനേകം മതങ്ങളുണ്ട്. സത്യയുഗത്തിൽ ഒരു മതമാണുള്ളത്. കലിയുഗത്തിൽ അനേകം മതങ്ങളുണ്ട്. അനേകം ധർമ്മങ്ങളും ലക്ഷകണക്കിന് കോടികണക്കിന് അഭിപ്രായങ്ങളും. ഓരോ വീട്ടിലും ഓരോരുത്തർക്കും അവരവരുടേതായ അഭിപ്രായങ്ങളുണ്ട്. നിങ്ങൾ കുട്ടികൾക്ക് ഒരേയൊരു ബാബ ഏറ്റവും ഉയർന്നതാകുവാൻ വേണ്ടി ഏറ്റവും ഉയർന്ന മതം നല്കുന്നു. നിങ്ങളുടെ ചിത്രങ്ങൾ കാണുമ്പോൾ ധാരാളം ആളുകൾ ചോദിക്കുന്നു ഇത് എന്താണ് ഉണ്ടാക്കിയിരിക്കുന്നത്? മുഖ്യമായ കാര്യം എന്താണ്? പറയൂ, ഇത് രചനയുടെയും രചയിതാവിന്റെയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമാണ്, ഈ ജ്ഞാനത്തിലൂടെ നമ്മൾ ആസ്തികരായിത്തീരുന്നു. ആസ്തികരായി മാറുന്നതിലൂടെ ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു, നാസ്തികരാകുന്നതിലൂടെ സമ്പത്ത് നഷ്ടപ്പെടുത്തുന്നു. നിങ്ങൾ കുട്ടികളുടെ കർത്തവ്യം തന്നെ നാസ്തികരെ ആസ്തികരാക്കുക എന്നതാണ്. ബാബയിൽ നിന്നും നിങ്ങൾക്ക് ഈ പരിചയം ലഭിക്കുകയാണ്. ത്രിമൂർത്തിയുടെ ചിത്രം വളരെ വ്യക്തമാണ്. ബ്രഹ്മാവിലൂടെ ബ്രാഹ്മണരും തീർച്ചയായും വേണമല്ലോ. ബ്രാഹ്മണരിലൂടെയാണ് യജ്ഞം മുന്നോട്ട് പോകുന്നത്. ഇത് വളരെ വലിയ യജ്ഞമാണ്. ഏറ്റവും ഉയർന്നത് ബാബയാണ് എന്ന് ആദ്യം പറഞ്ഞ് കൊടുക്കണം. അപ്പോൾ സർവ്വ ആത്മാക്കളും സഹോദരങ്ങളാണ്. സർവ്വരും ഒരു ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. ആ പരമാത്മാവിനെ അച്ഛൻ എന്നാണ് വിളിക്കുന്നത്, രചയിതാവായ ബാബയിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. രചനയിൽ നിന്നും ലഭിക്കില്ല. അതുകൊണ്ടാണ് ഈശ്വരനെ സർവ്വരും ഓർമ്മിക്കുന്നത്. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്, അതുപോലെ ബാബ വരുന്നതും ഭാരതത്തിൽ തന്നെയാണ്, ഭാരതത്തിൽ വന്ന് ഈ കർത്തവ്യം ചെയ്യുന്നു. ത്രിമൂർത്തിയുടെ ചിത്രവും വളരെ നല്ലതാണ്. ഇത് ബാബയും ഇത് ദാദയുമാണ്. ബ്രഹ്മാവിലൂടെ ബാബ സൂര്യവംശീ കുലം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു-എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മങ്ങൾ എല്ലാം നശിക്കും. ലക്ഷ്യം വ്യക്തമാണ്. അതുകൊണ്ട് ബാബ ബാഡ്ജുകളും നിർമ്മിക്കുന്നുണ്ട്. വളരെ ചുരുങ്ങിയ വാക്കുകളിലൂടെ നിങ്ങൾക്ക് പറഞ്ഞു തരാം എന്ന് പറയണം. ബാബയിൽ നിന്നും സെക്കന്റിലല്ലേ സമ്പത്ത് നേടേണ്ടത്. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ഈ ബാഡ്ജുകൾ വളരെ നല്ലതാണ്. എന്നാൽ ദേഹാഭിമാനമുള്ള കുട്ടികൾ മനസ്സിലാക്കുന്നില്ല. ജ്ഞാനമെല്ലാം ഇതിൽ അടങ്ങിയിട്ടുണ്ട്. ഒരു സെക്കന്റിന്റെ കാര്യമാണ്. ബാബ ഭാരതത്തെയാണ് വന്ന് സ്വർഗ്ഗമാക്കുന്നത്. ബാബയാണ് പുതിയ ലോകം സ്ഥാപിക്കുന്നത്. ഈ പുരുഷോത്തമ സംഗമയുഗത്തെ കുറിച്ചും പാടിയിട്ടുണ്ട്. ഈ ജ്ഞാനമെല്ലാം ബുദ്ധിയിലുണ്ടായിരിക്കണം.

ചിലർ യോഗം ചെയ്യുന്നുണ്ടാകാം എന്നാൽ ജ്ഞാനവുമില്ല, ധാരണയും ചെയ്യുന്നില്ല. സേവനം ചെയ്യുന്ന കുട്ടികൾക്ക് ജ്ഞാനത്തിന്റെ ധാരണയുണ്ടായിരിക്കും. ബാബ മനുഷ്യനെ ദേവതയാക്കുന്ന സേവനം ചെയ്യുന്നു

എന്നാൽ കുട്ടികൾ യാതൊരു സേവനവും ചെയ്യുന്നില്ലെങ്കിൽ അവരെകൊണ്ട് എന്ത് പ്രയോജനം? അവർക്ക് എങ്ങനെ ബാബയുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കും? ബാബ പറയുന്നു – രാവണ രാജ്യത്തിൽ നിന്നും സർവ്വരേയും മോചിപ്പിക്കുക എന്നതാണ് എന്റെ പാർട്ട്. രാമ രാജ്യമെന്നും രാവണ രാജ്യമെന്നും പറയുന്നത് ഭാരതത്തിലാണ്. ആരാണ് രാമനെന്ന് അറിയുന്നില്ല. പതിത പാവനനെന്നും ഭക്തരുടെ എല്ലാം ഭഗവാൻ ഒരാളാണെന്നും പാടുന്നുണ്ട്. ആദ്യമായിട്ട് വരുന്നവർക്ക് ബാബയുടെ പരിചയം കൊടുക്കൂ. ഏത് തരത്തിലുള്ള ആളാണ് എന്ന് മനസ്സിലാക്കിയിട്ട് പറഞ്ഞ് കൊടുക്കണം. പരിധിയില്ലാത്ത ബാബ വരുന്നത് തന്നെ പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നല്കുവാനാണ്. ബാബയ്ക്ക് തന്റേതായ ശരീരമില്ല, അപ്പോൾ പിന്നെ എങ്ങനെയാണ് സമ്പത്ത് നല്കുന്നത്? ബാബ പറയുന്നു – ഞാൻ ഈ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ രാജയോഗം പഠിപ്പിച്ച് ഈ പദവി പ്രാപ്തമാക്കിത്തരുന്നു. ഒരു സെക്കന്റിന്റെ ജ്ഞാനം ഈ ബാഡ്ജിലുണ്ട്. എത്ര ചെറിയ ബാഡ്ജാണ്, പക്ഷേ മനസ്സിലാക്കി കൊടുക്കുന്നവർ ദേഹി അഭിമാനിയായിരിക്കണം. അങ്ങിനെയുള്ളവർ വളരെ കുറവാണ്. ഇത്രത്തോളം ആരും പരിശ്രമിക്കുന്നില്ല. അതുകൊണ്ട് ബാബ പറയുന്നു, ചാർട്ട് എഴുതി നോക്കൂ – ദിവസം മുഴുവൻ എത്ര സമയം നമ്മൾ ബാബയെ ഓർമ്മിക്കുന്നുണ്ട് ?ഓഫീസിൽ ജോലി ചെയ്യുമ്പോഴും ഓർമ്മിക്കണം. കർമ്മം ചെയ്യുക തന്നെ വേണം. ഇവിടെ യോഗം ചെയ്യിക്കുമ്പോൾ ബാബയെ ഓർമ്മിക്കാൻ പറയുന്നു. ആ സമയം കർമ്മം ചെയ്യുന്നില്ല. നിങ്ങൾക്ക് കർമ്മം ചെയ്യുമ്പോഴും ഓർമ്മിക്കണം. അല്ലെങ്കിൽ ഇരുന്ന് കൊണ്ട് മാത്രം ഓർമ്മിക്കുന്നതിന്റെ ശീലമുണ്ടാകും. കർമ്മം ചെയ്ത് കൊണ്ടും ഓർമ്മിക്കുകയാണെങ്കിൽ കർമ്മയോഗികളാണ് എന്നത് തെളിയും. തീർച്ചയായും പാർട്ട് അഭിനയിക്കണം, ഇതിൽ തന്നെയാണ് മായ വിഘ്നമിടുന്നത്. സത്യസന്ധമായിട്ട് ചാർട്ട് പോലും ചിലർ എഴുതുന്നില്ല. അരമണിക്കൂറും മുക്കാൽ മണിക്കൂറുമൊക്കെ ഓർമ്മിച്ചു എന്ന് ചിലർ എഴുതുന്നുണ്ട്. അതിരാവിലെയായിരിക്കും ഓർമ്മിക്കുന്നത്. ഭക്തിയിലും അതിരാവിലെ എഴുന്നേറ്റ് രാമന്റെ മാല ജപിക്കുന്നുണ്ട്. ആ സമയം ആ ഒരു രാമന്റെ മാത്രം ഓർമ്മയിലാണിരിക്കുന്നത് എന്നു പറയാൻ കഴിയില്ല. ധാരാളം മറ്റ് സങ്കല്പങ്ങളും വരുന്നുണ്ട്. തീവ്രമായ ഭക്തി ചെയ്യുന്നവരുടെ ബുദ്ധി കുറച്ച് സമയം ഏകാഗ്രമായിരിക്കുന്നു. ഇവിടെയാണെങ്കിൽ അജപാ-ജപമാണ്. പുതിയ കാര്യമല്ലേ. ഗീതയിലും മന്മനാ ഭവ എന്ന വാക്കുണ്ട്. എന്നാൽ കൃഷ്ണന്റെ പേര് കാണിച്ചിരിക്കുന്നത് കാരണം കൃഷ്ണനെ ഓർമ്മിക്കുന്നു, മറ്റൊന്നും മനസ്സിലാക്കുന്നില്ല. എപ്പോഴും ഈ മെഡൽ ഒപ്പമുണ്ടായിരിക്കണം. ബാബ ഈ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ മനസ്സിലാക്കിത്തരുന്നു, നമ്മൾ ആ ബാബയെയാണ് ഓർമ്മിക്കുന്നത് എന്ന് പറയണം. മനുഷ്യർക്ക് ആത്മാവിന്റെയോ പരമാത്മാവിന്റെയോ അറിവില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും ഈ ജ്ഞാനം നല്കുവാനും സാധിക്കില്ല. മുഖ്യമായിട്ടുള്ളത് ഈ ത്രിമൂർത്തി ശിവനാണ്. ബാബയും സമ്പത്തും. ഈ ചക്രത്തെ മനസ്സിലാക്കുക വളരെ സഹജമാണ്. പ്രദർശിനികളിലൂടെ ലക്ഷക്കണക്കിന് പ്രജകൾ ഉണ്ടാകുന്നുണ്ട്. രാജാക്കന്മാർ കുറച്ച് പേരായിരിക്കും ഉണ്ടാവുക, എന്നാൽ അവരുടെ പ്രജകൾ കോടിക്കണക്കിന് ഉണ്ടായിരിക്കും. അനേകം പേർ പ്രജകളാകുന്നുണ്ട് എന്നാൽ രാജാവാകുവാൻ വേണ്ടി പുരുഷാർത്ഥം ചെയ്യണം. കൂടുതൽ സേവനം ചെയ്യുന്നവർ തീർച്ചയായും ഉയർന്ന പദവി നേടും. ചില കുട്ടികൾക്ക് സേവനം ചെയ്യുവാൻ വളരെയധികം താത്പര്യമുണ്ട്, ചിലവിനുള്ള വരുമാനമുണ്ട്, അതുകൊണ്ട് ജോലി ഉപേക്ഷിച്ച് സേവനം ചെയ്യാം എന്നും ചിലർ പറയുന്നുണ്ട്. ബാബയുടേതായതിനാൽ ഇനി ബാബ യുടെ ഭണ്ഡാരത്തിൽ നിന്നു തന്നെ പാലനയും എടുക്കാം. പക്ഷേ ബാബ പറയുന്നു– ഞാൻ വാനപ്രസ്ഥ അവസ്ഥയിലല്ലേ പ്രവേശിച്ചത്. മാതാക്കളും ചെറുപ്പമാണെങ്കിൽ വീട്ടിലിരുന്ന് കൊണ്ട് രണ്ട് സേവനവും ചെയ്യണം. ബാബ ഓരോരുത്തരുടെയും പരിതസ്ഥിതികളെ കണ്ടിട്ടാണ് നിർദ്ദേശങ്ങൾ നല്കുന്നത്. വിവാഹം കഴിക്കരുത് എന്ന് പറഞ്ഞാൽ പ്രശ്നങ്ങൾ ഉണ്ടാകും അതുകൊണ്ട് ഓരോരുത്തരുടെയും കണക്കുപുസ്തകം നോക്കിയാണ് നിർദ്ദേശങ്ങൾ നല്കുന്നത്. കുമാരന്മാരാണെങ്കിൽ ബാബ പറയും – നിങ്ങൾക്കു സേവനം ചെയ്യുവാൻ സാധിക്കും. സേവനം ചെയ്ത് പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് നേടൂ. ആ അച്ഛനിൽ നിന്നും നിങ്ങൾക്ക് എന്താണ് ലഭിക്കുന്നത്? പൊട്ടുംപൊടിയും. അതെല്ലാം മണ്ണോട് ചേരുന്നതാണ്. ഓരോ ദിവസവും സമയം കുറഞ്ഞ് കൊണ്ടിരിക്കുകയാണ്. നമ്മുടെ സമ്പത്തിന് നമ്മുടെ കുട്ടികൾ അവകാശികളാകും എന്നാണ് പലരും ചിന്തിക്കുന്നത്. എന്നാൽ ബാബ പറയുന്നു, ഇതൊന്നും ഉണ്ടാകില്ല. മുഴുവൻ സമ്പാദ്യവും മണ്ണോട് മണ്ണ് ചേരും. വരും തലമുറ കഴിയ്ക്കും എന്നാണ് അവർ കരുതുന്നത്. ധനവാന്മാരുടെ ധനം ഇല്ലാതാകാൻ അധികം സമയം വേണ്ടി വരില്ല. മരണം മുന്നിൽ നില്ക്കുകയാണ്. ഒരു സമ്പത്തും കൊണ്ട് പോകുവാൻ സാധിക്കില്ല. പൂർണ്ണമായും മനസ്സിലാക്കുന്നവർ വളരെ കുറവാണ്. ധാരാളം സേവനം ചെയ്യുന്നവർ ഉയർന്ന പദവി നേടും. അവരെ ബഹുമാനിക്കുകയും വേണം, അവരിൽ നിന്നും പഠിക്കണം. 21 ജന്മത്തേയ്ക്ക് അവർക്ക് ബഹുമാനം കൊടുക്കേണ്ടതുണ്ട്. തീർച്ചയായും സ്വാഭാവികമായി അവർ ഉയർന്ന പദവി നേടും, അതിനാൽ ബഹുമാനം കൊടുക്കുക തന്നെ വേണം. സ്വയം മനസ്സിലാക്കുവാൻ സാധിക്കും, എന്താണോ ലഭിച്ചത് അത് തന്നെ നല്ലകാര്യം, അതിൽത്തന്നെ തൃപ്തരാകുന്നു.

പരിധിയില്ലാത്ത രാജ്യപദവി നേടുന്നതിനു വേണ്ടി പഠനത്തിലും സേവനത്തിലും പൂർണ്ണമായും ശ്രദ്ധിക്കണം. ഇത് പരിധിയില്ലാത്ത പഠനമാണ്. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ പഠനത്തിലൂടെ നിങ്ങൾ പഠിച്ച് രാജകുമാരനാകുന്നു. ഒരു വ്യക്തി ധനം ദാനം ചെയ്യുകയാണെങ്കിൽ അയാൾ അടുത്ത ജന്മം രാജാവിന്റെ അടുക്കലോ സമ്പന്നരുടെ അടുക്കലോ ജന്മമെടുക്കുന്നു. എന്നാൽ അത് അല്പ കാലത്തേയ്ക്കുള്ള സുഖമാണ്. അതുകൊണ്ട് പൂർണ്ണമായും ഈ പഠനത്തിൽ ശ്രദ്ധിക്കണം. സേവനം ചെയ്യുവാനുള്ള ചിന്തയുണ്ടായിരിക്കണം. എനിക്ക് എന്റെ ഗ്രാമത്തിൽ പോയി സേവനം ചെയ്യണം, അതിലൂടെ ധാരാളം പേരുടെ മംഗളമുണ്ടാകും. ബാബയ്ക്കറിയാം ഇങ്ങനെ സേവനം ചെയ്യുവാനുള്ള ലഹരി ആരിലും കാണുന്നില്ല. ലക്ഷണവും നല്ലതായിരിക്കണം. ഡിസ്സർവ്വീസ് ചെയ്ത് യജ്ഞത്തിന്റെ പേര് മോശമാക്കുകയും തനിക്ക് തന്നെ നഷ്ടമുണ്ടാക്കുകയും ചെയ്യരുത്. ബാബ ഓരോ കാര്യവും വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. ബാഡ്ജുകൾ ഉണ്ടാക്കുന്നതിനെക്കുറിച്ചെല്ലാം എത്രയാണ് ചിന്തിക്കുന്നത്. പിന്നെ ബാബയും മനസിലാക്കുന്നു, ഡ്രാമയനുസരിച്ച് സമയമെടുക്കും. ഈ ലക്ഷ്മീ നാരായണന്റെ ട്രാൻസ് ലൈറ്റ് ചിത്രവും ഫസ്റ്റ്ക്ലാസാണ്. പക്ഷേ കുട്ടികൾക്ക് ഇന്ന് ബൃഹസ്പതി ദശയാണെങ്കിൽ നാളെ രാഹുവിന്റെ ദശയാണ്. സാക്ഷിയായി ഡ്രാമയിലെ പാർട്ട് നോക്കണം. ഉയർന്ന പദവി നേടുന്നവർ വളരെ കുറവാണ്. പരിശ്രമിച്ചാൽ ഗ്രഹപ്പിഴ ഇല്ലാതാകും. ഗ്രഹപ്പിഴ ഇല്ലാതായാൽ പിന്നെ ജമ്പ് ചെയ്യുവാൻ സാധിക്കും. പുരുഷാർത്ഥം ചെയ്ത് തന്റെ ജീവിതം ശ്രേഷ്ഠമാക്കണം, ഇല്ലെങ്കിൽ കല്പ – കല്പാന്തരത്തേയ്ക്ക് സത്യനാശം ഉണ്ടാകും, മനസ്സിലാക്കും കല്പം മുൻപ് എന്നപോലെ ഗ്രഹപ്പിഴ വന്നു. ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ പദവിയും ലഭിക്കില്ല. ഉയർന്നതിലും ഉയർന്നതാണ് ഭഗവാന്റെ ശ്രീമത്ത് . ഈ ലക്ഷ്മി – നാരായണന്റെ ചിത്രം നിങ്ങൾക്കല്ലാതെ വേറെയാർക്കും മനസ്സിലാകില്ല. അവർ പറയും ചിത്രം വളരെ നന്നായി ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ നിങ്ങൾക്ക് ഈ ചിത്രം കാണുമ്പോൾ മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം പിന്നെ മുഴുവൻ സൃഷ്ടിചക്രവും ബുദ്ധിയിൽ വരും. നമ്പർക്രമമായ പുരുഷാർത്ഥമനുസരിച്ച് നിങ്ങൾ നോളജ്ഫുൾ ആകുന്നു. ബാബയ്ക്ക് ഈ ചിത്രം കാണുമ്പോൾ വളരെയധികം സന്തോഷം ഉണ്ടാകുന്നു. വിദ്യാർത്ഥിക്കും സന്തോഷം ഉണ്ടാകണമല്ലോ – ഞാൻ പഠിച്ച് ഇതുപോലെയാകും. പഠനത്തിലൂടെയാണ് ഉയർന്ന പദവി ലഭിക്കുന്നത്. ഭാഗ്യത്തിലുണ്ടെങ്കിൽ ലഭിക്കും എന്നല്ല. പുരുഷാർത്ഥത്തിലൂടെയാണ് പ്രാപ്തി ലഭിക്കുന്നത്. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്ന ബാബയെ ലഭിച്ചു, ആ ബാബയുടെ ശ്രീമത്ത് അനുസരിച്ച് നടന്നില്ലായെങ്കിൽ അധോഗതിയുണ്ടാകും. ആർക്ക് വേണമെങ്കിലും ആദ്യമാദ്യം ഈ മെഡലിനെക്കുറിച്ചു പറഞ്ഞു കൊടുക്കൂ, പിന്നീട് യോഗ്യരായവർ പെട്ടെന്ന് ചോദിക്കും – എനിക്ക് ഇത് (ബാഡ്ജ്) ലഭിക്കുമോ? തീർച്ചയായും, എന്തുകൊണ്ടില്ല. ഈ ധർമ്മത്തിൽ ഉള്ളവർക്ക് അമ്പ് തറയ്ക്കും. അവരുടെ മംഗളം ഉണ്ടാകുന്നു. ബാബ സെക്കന്റിൽ ഉള്ളം കൈയിൽ സ്വർഗ്ഗം വച്ചുതരും, ഇതിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. നിങ്ങൾ ശിവഭക്തർക്ക് ഈ ജ്ഞാനം നൽകൂ. പറയൂ ശിവബാബ പറയുന്നു – ബാബയെ ഓർമ്മിക്കൂ എങ്കിൽ രാജാക്കന്മാരുടേയും രാജാവാകും. ദിവസം മുഴുവൻ ഈ സേവനം ചെയ്യൂ. പ്രത്യേകിച്ചും ബനാറസിൽ ശിവക്ഷേത്രം ധാരാളമുണ്ട്. അവിടെ നല്ല സേവനം ചെയ്യുവാൻ കഴിയും. ആരെങ്കിലും വരും. വളരെ സഹജ സേവനമാണ്. ആരെങ്കിലും ചെയ്തു നോക്കൂ, ആഹാരം കഴിക്കാൻ ലഭിക്കുക തന്നെ ചെയ്യും. സേവനം ചെയ്തു കാണിക്കൂ. സെന്റർ അവിടേയും ഉണ്ട്. രാവിലെ ക്ഷേത്രത്തിൽ പോകൂ, വൈകുന്നേരം തിരിച്ചു വരൂ. സെന്റർ സ്ഥാപിക്കൂ. ഏററവും അധികം നിങ്ങൾക്ക് ശിവക്ഷേത്രത്തിൽ സേവനം ചെയ്യുവാൻ സാധിക്കും. ഉയർന്നതിലും, ഉയർന്നതാണ് ശിവക്ഷേത്രം. ബോംബെയിൽ ബബുൽനാഥിന്റെ ക്ഷേത്രം ഉണ്ട്. മുഴുവൻ ദിവസവും അവിടെ പോയി സേവനം ചെയ്ത് ഒരുപാട് പേരുടെ മംഗളം ചെയ്യുവാൻ സാധിക്കും. ഈ ബാഡ്ജ് തന്നെ ധാരാളമാണ്. ട്രയൽ ചെയ്തു നോക്കൂ. ബാബ പറയുകയാണ് ഈ ബാഡ്ജ് ലക്ഷമല്ല, 10 ലക്ഷം തയ്യാറാക്കൂ. വൃദ്ധന്മാർക്കും വളരെ നല്ല രീതിയിൽ സേവനം ചെയ്യുവാൻ സാധിക്കും. ഒരുപാട് പ്രജകൾ തയ്യാറാകും. ബാബ പറയുന്നു – ബാബയെ ഓർമ്മിക്കൂ, മന്മനാഭവ: എന്ന വാക്ക് മറന്നുപോയിരിക്കുന്നു. ഭഗവാനുവാചആണല്ലോ. കൃഷ്ണൻ ഭഗവാൻ ആകുന്നതേയില്ല, കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നു. കൃഷ്ണനു പോലും ഈ പദവിയുടെ പ്രാപ്തി ചെയ്യിപ്പിക്കുന്നത് ശിവബാബയാണ്. പിന്നീട് അലയുന്നതിന്റെ ആവശ്യമെന്താണ്? ബാബ പറയുന്നു കേവലം ബാബയെ ഓർമ്മിക്കൂ. നിങ്ങൾക്ക് ഏററവും നല്ല രീതിയിലുള്ള സേവനം ശിവക്ഷേത്രത്തിൽ ചെയ്യുവാൻ കഴിയും. സേവനത്തിന്റെ സഫലതയ്ക്കു വേണ്ടി ദേഹീ – അഭിമാനീ സ്ഥിതിയിൽ ഇരുന്ന് സേവനം ചെയ്യൂ. ഹൃദയം ശുദ്ധമാണെങ്കിൽ യജമാനൻ ഹാജർ. ബനാറസിനു വേണ്ടി ബാബ പ്രത്യേകിച്ചും നിർദ്ദേശം നൽകുകയാണ്, അവിടെ വാനപ്രസ്ഥികളുടെ ആശ്രമമുണ്ട്. പറയൂ നമ്മൾ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാണ്. ബാബ ബ്രഹ്മാവിലൂടെ പറയുന്നു ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. വേറെ യാതൊരു ഉപായവുമില്ല. രാവിലെ മുതൽ രാത്രി വരെ ശിവക്ഷേത്രത്തിൽ ഇരുന്ന് സേവനം ചെയ്യൂ. ട്രൈ ചെയ്തു നോക്കൂ. ശിവബാബ സ്വയം

പറയുകയാണ് – എന്റെ ക്ഷേത്രങ്ങൾ ധാരാളമുണ്ട്. നിങ്ങളോട് ആരും ഒന്നും പറയില്ല, അവർക്ക് കൂടുതൽ സന്തോഷമുണ്ടാകും – ഇവർ ശിവബാബയുടെ മഹിമ വളരെ ചെയ്യുന്നു. പറയൂ ഇത് ബ്രഹ്മാവാണ്, ഇത് ബ്രാഹ്മണരാണ്, ഇദ്ദേഹം ദേവതയല്ല. ഇദ്ദേഹവും ശിവബാബയെ ഓർമ്മിച്ച് ഈ പദവി നേടുന്നു. ഇദ്ദേഹത്തിലൂടെ ശിവബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. എത്ര എളുപ്പമാണ്. വൃദ്ധരെ ആരും നിന്ദിക്കില്ല. ബനാറസിൽ ഇതുവരെയും ഇത്രയും സേവനം നടന്നിട്ടില്ല. മെഡൽ അഥവാ ചിത്രങ്ങളിലൂടെ മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. പാവപ്പെട്ടവർക്ക് ഫ്രീയായി നൽകൂ, സമ്പന്നരോട് പറയൂ നിങ്ങൾ നൽകിയാൽ ഒരുപാട് പേരുടെ മംഗളമുണ്ടാകുന്നതിനു വേണ്ടി വീണ്ടും അച്ചടിക്കാം, അതിലൂടെ നിങ്ങളുടെ മംഗളവും ഉണ്ടാകും. നിങ്ങളുടെ ഈ ബിസിനസ്സ് മറ്റെല്ലാതിനെക്കാൾ മികച്ചതാകും . ആരെങ്കിലും ട്രയൽ ചെയ്ത് നോക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) ജ്ഞാനത്തെ ജീവിതത്തിൽ ധാരണ ചെയ്തതിനു ശേഷം സേവനം ചെയ്യണം . ആരാണോ വളരെയധികം സേവനം ചെയ്യുന്നത്, നല്ല ലക്ഷണമുള്ളത് അവരെ തീർച്ചയായും ബഹുമാനിക്കണം.

2)കർമ്മം ചെയ്യുമ്പോഴും ഓർമ്മയിൽ ഇരിക്കുന്നതിന്റെ ശീലം കൊണ്ടുവരണം. സേവനത്തിന്റെ സഫലതയ്ക്ക് വേണ്ടി തന്റെ അവസ്ഥ ദേഹീ–അഭിമാനിയാക്കണം. ഹൃദയം ശുദ്ധമായിരിക്കണം.

## വരദാനം:– സർവ്വസമസ്യകളുടെയും വിട ചൊല്ലുന്നതിന്റെ സമാരോഹണം ആഘോഷിക്കുന്ന സമാധാന സ്വരൂപരായി ഭവിക്കട്ടെ.

സമാധാന സ്വരൂപ ആത്മാക്കളുടെ മാല അപ്പോഴാണ് തയ്യാറാകുക എപ്പോഴാണോ താങ്കൾ താങ്കളുടെ സമ്പൂർണ്ണസ്ഥിതിയിൽ സ്ഥിതി ചെയ്യുന്നത്. സമ്പൂർണ്ണസ്ഥിതിയിൽ സമസ്യകൾ കുട്ടിക്കളി പോലെയാണ് തോന്നുക അതായത് സമാപ്തമാകുന്നു. അഥവാ ഏതെങ്കിലും കുട്ടികൾ ബ്രഹ്മാബാബക്ക് മുന്നിൽ സമസ്യകളുമായി വന്നിരുന്നപ്പോൾ സമസ്യകളുടെ കാര്യങ്ങൾ പറയാനുള്ള ധൈര്യം പോലും ഉണ്ടായിരുന്നില്ല, അക്കാര്യം മറന്നേപോകുമായിരുന്നു. അതേപോലെ താങ്കൾ കുട്ടികളും സമാധാന സ്വരൂപരാകൂ എങ്കിൽ അരകൽപത്തേക്ക് സമസ്യകൾ വിട ചൊല്ലുന്നതിന്റെ സമാരോഹണം നടക്കും. വിശ്വത്തിലെ സമസ്യകളുടെ പരിഹാരം തന്നെ പരിവർത്തനമാണ്.

## സ്ലോഗൻ:– ആര് സദാ ജ്ഞാനത്തെ സ്മരിക്കുന്നുവോ അവർ മായയുടെ ആകർഷണത്തിൽ നിന്ന് രക്ഷ നേടുന്നു.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

തന്റെ ഡബിൾലൈറ്റ് ഫരിസ്താ സ്വരൂപത്തിൽ സ്ഥിതി ചെയ്തുകൊണ്ട് സാക്ഷിയായി എല്ലാ പാർട്ടുകളും കണ്ടുകൊണ്ട് സകാശ് അതായത് സഹയോഗം കൊടുക്കൂ എന്തുകൊണ്ടെന്നാൽ താങ്കൾ സർവ്വരുടെയും മംഗളത്തിന് നിമിത്തമാണ്. ഈ സകാശ് കൊടുക്കുന്നത് തന്നെയാണ് നിറവേറ്റൽ, പക്ഷെ ഉയർന്ന സ്ഥിതിയിലിരുന്ന് സകാശ് കൊടുക്കൂ. വാചാസേവനത്തിന് ഒപ്പത്തിനൊപ്പം മനസാ ശുഭഭാവനകളുടെ വൃത്തിയിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.